## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2755

06.11.2019-ൽ മറുപടിയ്ക്ക്.

## പ്രളയം ക്ഷീരമേഖലക്ക് ഉണ്ടാക്കിയ നഷ്ടം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. വിൻസെന്റ് | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) 2019 ലെ പ്രളയം ക്ഷീരമേഖലയ്ക്ക് ഉണ്ടാക്കിയ നഷ്ടം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; | (എ) 2019 ലെ പ്രളയം ക്ഷീരമേഖലയ്ക്ക് 41.75 കോടി രൂപയുടെ നഷ്ടം ഉണ്ടാക്കിയതായി കണക്കാക്കിയിട്ടുണ്ട്. |
| (ബി) പ്രളയത്തിൽ നഷ്ടം സംഭവിച്ച കർഷകർക്ക് എന്തൊക്കെ ആശ്വാസ നടപടികളാണ് എത്തിച്ചുനൽകിയതെന്ന് വിശദമാക്കാമോ? | (ബി) പ്രളയക്കെടുതികൾ ശ്രദ്ധയിൽപ്പെട്ടയുടൻ തന്നെ ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റ് തലത്തിൽ ഡിസാസ്റ്റർ മാനേജ്മെന്റ് സെൽ ആരംഭിക്കുകയും സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിലുണ്ടായ നാശനഷ്ടങ്ങൾ വിലയിരുത്തി കർഷകർക്ക് സഹായം എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.<br>ക്ഷീരവികസന വകുപ്പിന്റെ നേതൃത്വത്തിൽ മൃഗസംരക്ഷണ വകുപ്പ്, മിൽമ, ക്ഷീരസഹകരണ സംഘങ്ങൾ എന്നിവരുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് പ്രളയ മേഖലയിൽ ഫലപ്രദമായ ഇടപെടൽ നടത്തി .<br>പ്രളയക്കെടുതിമൂലം നാശനഷ്ടം സംഭവിക്കുകയും ബുദ്ധിമുട്ട് അനുഭവിക്കുകയും ചെയ്യുന്ന കർഷകരെ സാമ്പത്തികമായി സഹായിക്കുന്നതിന് ക്ഷീരസംഘ-ങ്ങളുടെ പൊതുഫണ്ട് വിനിയോഗിക്കുന്നതിന് അനുവാദം നൽകുകയും ചെയ്തു.<br>ക്ഷീരവികസന വകുപ്പിന്റെ പദ്ധതി വിഹിതം വിനിയോഗിച്ച് 2.8 കോടി രൂപയുടെ ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തി. ഇതിന്റെ ഭാഗമായി 117 ലക്ഷം രൂപയുടെ 450 മെട്രിക് ടൺ കാലിത്തീറ്റ വിതരണം ചെയ്യുകയും പാൽ വിപണനത്തിന് കഴിയാതെ വന്ന സ്ഥലങ്ങളിൽ ക്ഷീരസംഘങ്ങളിൽ സംഭരിച്ച പാൽ, മേഖലാ യൂണിയന്റെ ഡെയറികളിലെത്തിക്കുന്നതിനും മൃഗങ്ങളെ മാറ്റി പാർപ്പിക്കുന്നതിനും കന്നുകാലികൾക്ക് മറ്റ് തീറ്റവസ്തുക്കൾ എത്തിക്കുന്നതിനും അനുബന്ധ തീറ്റകൾ ലഭ്യമാക്കുന്നതിനും 163 ലക്ഷം രൂപ ഉൾപ്പെടെ ആകെ 280 ലക്ഷം രൂപ അടിയന്തര |

സഹായമായി ലഭ്യമാക്കി. കൂടാതെ ജയിൽ വകുപ്പിന്റെ സഹായത്തോടെ പ്രളയം ബാധിച്ച പ്രദേശങ്ങിൽ പച്ചപ്പുല്ല് വിതരണം നടത്തിയിട്ടുണ്ട്.

ക്ഷീരവികസന വകുപ്പിന്റെ 2019-20 വാർഷിക പദ്ധതിയിൽ പ്രളയം ബാധിച്ച പ്രദേശങ്ങളിലെ കർഷകരെ സഹായിക്കുന്നതിനായി 22 കോടി രൂപയുടെ ഫ്ലഡ് റീഹാബിലിറ്റേഷൻ പ്രോഗ്രാമും നടപ്പിലാക്കുന്നുണ്ട്. ഇത് കൂടാതെ മൃഗസംരക്ഷണ വകുപ്പ് നിരവധി പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി.

**സെക്ഷൻ ഓഫീസർ**